# നോമ്പുകാലം
## വചന വിചിന്തനം
### നോമ്പുകാലം ഒന്നാം ഞായർ
മത്താ 4,1-11

**ആത്മീയവളർച്ചയുടെ വ്യാഖ്യാനം ലോകം തിരിച്ചറിയുന്നത് പ്രലോഭനങ്ങളിലും പരീക്ഷണങ്ങളുടെ നടുവിലും എങ്ങനെ നിലയുറപ്പിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും!**

"പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും."

(യാക്കോബ് 1,12)

"നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം..." ആരാധിക്കേണ്ടതും സ്തുതിക്കേണ്ടതും ആരെയാണെന്ന് ക്രിസ്തു കാണിച്ചു തരുന്നു.

കത്തോലിക്കാ സഭയുടെയും, ഉൽപത്തി പുസ്തകത്തിന്റെയും വ്യാഖ്യാനമനുസരിച്ച് ഈ പ്രപഞ്ചത്തേയും ഈ പ്രപഞ്ചത്തിലെ സകലതിനോയും സൃഷ്ടിച്ചതും പരിപാലിക്കുന്നതും ദൈവമാണ്. എന്നാൽ, ദൈവം സൃഷ്ടിക്കാതെതന്നെ ഈ ഭൂമിയിൽ പിറവി കൊണ്ട ദൈവത്തിന് എതിരായ ശക്തിയാണ് പ്രലോഭകൻ അഥവ തിന്മ. ദൈവം നന്മയുടെ അടയാളമാണെങ്കിൽ പ്രലോഭകൻ, പിശാച് തിന്മയുടെ പ്രതീകമാണ്. ദൈവത്തിന്റെ ലക്ഷ്യം ഈ പ്രപഞ്ചം മുഴുവനും, സകല സൃഷ്ടിജാലങ്ങളും നന്മകൊണ്ട് നിറയുക എന്നുള്ളതാണെങ്കിൽ തിന്മയുടെ ലക്ഷ്യം ഈ പ്രപഞ്ചത്തെ തിന്മകൊണ്ട് നിറയ്ക്കുക എന്നുള്ളതാണ്. അന്തിമവിജയം ദൈത്തിന്റേതായിരിക്കുമെങ്കിലും പ്രലോഭകൻ എന്നും എപ്പോഴും പ്രലോഭിപ്പിച്ചുക്കൊണ്ടിരിക്കുന്നു. പ്രലോഭകൻ എപ്പോഴും പ്രലോഭിപ്പിച്ചുക്കൊണ്ടിരിക്കുന്നു എന്നതിനുള്ള ഏറ്റവും നല്ല ദൃഷ്ടാന്തമാണ് വചനഭാഗം. "ദൈവത്തെപ്പോലും ദൈവം സൃഷ്ടിച്ച സൃഷ്ട്ടവസ്തുക്കൾ കാണിച്ച് പ്രലോഭിപ്പിക്കുന്ന പ്രലോഭകൻ!"

പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ക്രിസ്തുവിനെ ആത്മാവു മരുഭൂമിയിലേക്കു നയിച്ചു. ക്രിസ്തു നാൽപതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ മൂർത്തീഭാവത്തിൽ ക്രിസ്തുവിന് മുന്നിൽ മൂന്ന് പ്രലോഭനങ്ങളുമായി പിശാച് വന്നു. ഒന്നാമത്തെ പ്രലോഭനം വിശപ്പിന്റെ രൂപത്തിലായിരുന്നു. രണ്ടാമത്തേത് തന്റെ മഹിമ കാണിക്കാനുള്ളതായിരുന്നെങ്കിൽ മൂന്നാമത്തേത് തിന്മകളേയും തിന്മകളുടെ ശക്തികളേയും ആരാധിക്കാനുള്ളതായിരുന്നു. ക്രിസ്തു ഈ മൂന്ന് പ്രലോഭനങ്ങളെയും വചനത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ശക്തിയിൽ അതിജീവിക്കുകയാണ്.

ക്രിസ്തു <u>പ്രതിവചിച്ചു</u>: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു."

ക്രിസ്തു <u>പറഞ്ഞു</u>: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു."

ക്രിസ്തു <u>കൽപിച്ചു</u>: "സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു."

പിന്നീട്, വചനം പറയുന്നത്, തൽക്ഷണം പിശാച് അവനെ വിട്ടുപോയി. അപ്പോൾ

തന്നെ ദൈവദൂതൻമാർ അടുത്തുവന്ന് അവനെ (ക്രിസ്തുവിനെ) ശുശ്രൂഷിച്ചു. ഒന്ന് പ്രതി വചനമാണെങ്കിൽ മറ്റ് രണ്ടും പറയലും കൽപ്പിക്കലുമാണ്. പ്രതിവചനം രണ്ട് പേർ തമ്മിലുള്ള സംസാരം മാത്രമാണ്. എന്നാൽ, പറയലിൽ സംസാരത്തിന്റെ ഗതി മാറുന്നുണ്ട്. പറയൽ ഒരു 'വാണിങ്ങ്" കൂടിയാണ്. എന്നാൽ, കൽപ്പിക്കൽ ശക്തമായിട്ടുള്ള സംവേദനമാണ്. ഇനി മറ്റൊന്നിനും ഇട നൽകാതെയുള്ള സംവേദനം. ആ സംവേദനത്തിൽ പിശാച് പോലും അവനെ വിട്ടുപോവുകയാണ്. പ്രലോഭകനോട് ഇത്തരണത്തിലുള്ള സംവേദനം നടത്തണമെങ്കിൽ ആഴത്തിലുള്ള ആത്മീയത സ്വന്തമാക്കണം. ക്രിസ്തു നാൽപത് ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ചത് തന്റെ ആത്മീയതയെ ജ്വലിപ്പിക്കുന്നതിനു വേണ്ടിതന്നെയാണ്. ഇതിന്റെ ശക്തിയാൽതന്നെയാണ് പ്രലോഭകനെ ക്രിസ്തു തോൽപ്പിക്കുന്നതും.

ക്രിസ്തു പ്രലോഭകനെയും പ്രലോഭകന്റെ ശക്തിയേയും പ്രലോഭനഫലമായുണ്ടാകുന്ന മരണത്തിന്റെയും ഭൗഷ്യത്തുകളെ കുറിച്ച് നന്നായി അറിഞ്ഞിരുന്നു. പ്രലോഭകൻ ഒരിക്കലും ദൈവത്തിൽ നിന്നല്ല വരുന്നതെന്നും, ദൈവത്താൽ ആരും പരീക്ഷിക്കപ്പെടുന്നില്ല എന്നും ക്രിസ്തു കാണിച്ചുതരികയാണ് തന്റെ മരുഭൂമിയിലെ പരീക്ഷയിലൂടെ. ഈ ചിന്തയെ ഏറ്റവും നല്ല രീതിയിൽ വരച്ച് കാണിച്ചിരിക്കുന്ന സുവിശേഷകൻ വി. യാക്കോബ് ശ്ലീഹയാണ്.

"പരീക്ഷിക്കപ്പെടുമ്പോൾ, താൻ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ, ദൈവം തിൻമയാൽ പരീക്ഷിക്കപ്പെടുന്നില്ല, അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ വളർച്ചപ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ 1,13-15).

ദൈവത്താൽ പരീക്ഷിക്കപ്പെടാത്ത ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ തന്നെയാണ്. ഈ ദുർമോഹമാണ് പാപത്തെ ഗർഭം ധരിച്ചു പ്രസവിക്കുന്നത്. ഇതേ തുടർന്ന് പാപം പൂർണ വളർച്ചപ്രാപിച്ചു മരണത്തെ ജനിപ്പിക്കുന്നു. ചുരുക്കത്തിൽ, ദൈവം നന്മ വിതയ്ക്കുമ്പോൾ, പ്രലോഭകൻ തിന്മ വിതയ്ക്കുന്നു. ഈ തിന്മ മരണത്തിന് കാരണമാവുകയും ചെയ്യുന്നു. പ്രലോഭനങ്ങൾ പല തരത്തിലും പല വിധത്തിലുമാണ്. വിവേകത്തോടെ ജീവിതത്തെ ക്രമപ്പെടുത്തുന്നവർ മാത്രമാണ് ഇതിൽ വിജയിക്കുന്നത്. ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കുന്നതുപോലെ തിന്മ ചെയ്യുന്നവൻ പ്രലോഭനത്തിൽ വീണു പോകുന്നവൻ അതിന്റെ ഫലം അനുഭവിക്കുക തന്നെ ചെയ്യും.

അച്ഛൻ പടുവൃദ്ധനായി. കൂടെയുള്ളത് രണ്ടാൺമക്കൾ. അച്ഛനെ പരിചരിച്ച് അവർ മടുത്തു. അച്ഛൻ ഉടനെങ്ങും മരിക്കുമെന്നു തോന്നുന്നുമില്ല. എന്തു ചെയ്യണം അവർ ആലോചിച്ചു. അവസാനം, ചേട്ടന് ഒരു ബുദ്ധി തോന്നി. ചേട്ടൻ അനിയനെ വിളച്ച് പറഞ്ഞു;

"നമുക്ക് അച്ഛനെ ഗംഗയിൽ കുളിപ്പിക്കാൻ കൊണ്ടു പോയാലോ? ഗംഗാസ്നാനത്തിമെന്ന് കേൾക്കുമ്പോൾ അച്ഛനു സന്തോഷമാകും."

"അതെന്തിനാ?" അനുജന് സംശയം.

"ഗംഗയുടെ ഒഴുക്ക് നിനക്കറിയില്ലേ! അച്ഛനെ മുക്കുമ്പോൾ നാം പതുക്കെ കൈ ഒന്നയച്ചാൽ മതി... അച്ഛനെ ഗംഗ കൊണ്ടു പൊയ്ക്കോളും. ആർക്കും സംശയം തോന്നുകയുമില്ല."

അനിയന് പദ്ധതി ഇഷ്ടപ്പെട്ടു. അയാൾ പറഞ്ഞു;

"ശരിയാ ഗംഗയിലായതു കൊണ്ട് അച്ഛന് സ്വർഗ്ഗവും കിട്ടും"

ഇരുവരും അച്ചനോട് പിറ്റേ ദിവസം ഗംഗാസ്നാനത്തിനു പോകാമെന്ന് അറിയിച്ചു. അദ്ദേഹത്തിനു ബഹുസന്തോഷമായി. അങ്ങനെ പിറ്റേ ദിവസം കസേരയിലിരുത്തി എടുത്ത് അവർ അച്ഛനെ ഗംഗാ തീരത്ത് എത്തിച്ചു. കുതിച്ചു പായു ഗംഗനദി. മക്കൾ കടവിൽ

"യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ, അവനു വിശന്നു."
ആത്മീയത ശക്തിപ്പെട്ടപ്പോൾ പ്രലോഭനവും ശക്തിപ്പെടുന്നു...

തന്നെയും കൊണ്ട് ഇറങ്ങാൻ വട്ടം കൂട്ടുന്നതു കണ്ട് പിതാവു പറഞ്ഞു;

" ഇവിടെ വേണ്ട... കുറച്ചു കൂടി മുകളിലുള്ള കടവിൽ എന്നെ കുളിപ്പിച്ചാൽ മതി."

" ങേ.... അതെന്താ അച്ഛാ?" ഒരു കാളലോടെ മക്കൾ തിരക്കി. തങ്ങളുടെ മനസ്സിലിരുപ്പ് അച്ഛൻ അറിഞ്ഞോ എന്ന് ശങ്ക. മാത്രമല്ല, മുകളിൽ ഇതിന്റെ ഇരട്ടി ഒഴുക്കാണ്. മക്കളുടെ പരിഭ്രമിച്ച മുഖത്തു നോക്കി പിതാവ് മെല്ലെ പറഞ്ഞു;

"ഞാൻ എന്റെ അച്ഛനെ അവിടെയാ അവസാനം കുളിപ്പിച്ചത്..."

നാം കൊടുത്തതേ നമുക്ക് കിട്ടൂ, എന്ന് ഹിതോപദേശകാരൻ ഈ കഥയിലൂടെ നമ്മെ ഓർമ്മിപ്പിക്കുകയാണ്. "ഹിതം" എന്നാൽ "ഇഷ്ടം" എർത്ഥം. അതായത് വെറും ഇഷ്ടമല്ല. ഏതൊന്ന് സ്വീകരിച്ചാൽ നമുക്ക് ശ്രേയസ് ലഭിക്കുമോ അതാണ് ഹിതം. പച്ചിലകളൊന്നും പഴുക്കാതിരുന്നിട്ടില്ല. അതുപോലെതന്നെ, ഉണങ്ങാതിരുന്നിട്ടുമില്ല. വിഷത്തിൽ പാരവശ്യം പോലെ പ്രലോഭനത്തിലും പാപത്തിലും മരണം ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് തിരിച്ചറിയാൻ സാധിക്കണം. വചനം ഉറപ്പ് തരുന്നുണ്ട്;

"പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും" (യാക്കോ 1,12).

വചനത്തിന്റെ പൂർത്തീകരണം തന്നെയായിരുന്നു ക്രിസ്തുവിന്റെ ജീവിതം. പ്രലോഭകനെ വചനത്തിന്റെ ശക്തിയാൽ തോൽപ്പിച്ച ക്രിസ്തുവിനെ മാലാഖമാർ വന്ന് ശുശ്രൂഷിക്കുകയാണ്.

"പിശാച് അവനെ വിട്ടുപോയി. ദൈവദൂതൻമാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (മത്താ 4,12).

തിന്മ പതിയിരിക്കുന്ന ഇടങ്ങളിലും വ്യക്തികളിലും നന്മയുടെ ശക്തികൾക്ക്, ദൈവത്തിന് ഇടമില്ല. തിന്മയെ അകറ്റിനിർത്തുമ്പോൾ ദൈവത്തെ ഇടം സമ്മാനിക്കുകയാണ്. അതുകൊണ്ട്, പ്രാർത്ഥിക്കേണ്ടതും പ്രയത്നിക്കേണ്ടതും "നിർമ്മലമായ ഹൃദയത്താൽ സമ്പന്നമാകുന്നതിനുവേണ്ടിയാണ്."

*"പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നയിച്ചു."*
*ദൈവത്തിനുപോലും തന്റെ കർമ്മവീഥി ആരംഭിക്കുന്നതിനുമുമ്പ് പരീക്ഷയുണ്ടായിട്ടുണ്ട്!*

***"ദിവസത്തിൽ ഏഴുപ്രാവശ്യം അവൻ നിനക്കെതിരായി പാപംചെയ്യുകയും ഏഴു പ്രാവശ്യവും തിരിച്ചുവന്ന്, ഞാൻ പശ്ചാത്തപിക്കുന്നു എന്നു പറയുകയും ചെയ്താൽ നീ അവനോടു ക്ഷമിക്കണം.***

ലൂക്കാ 17:4

ഫാ. ജോബി മേനോത്ത്
+91 9447777931